THE PHARMACEUTICAL CORPORATION (IM) KERALA LTD.
KUTTANELLUR, THRISSUR-14

ഇ4-76/23

10.10.2024

**ക്വട്ടേഷൻ / ലേല നോട്ടീസ്**

ഔഷധി വക 2007 ൽ രജിസ്ട്രേഷൻ നടത്തിയ വാങ്ങിയ KL08-AN-2683 LMV Goods Carriage വാഹനം പൊളിച്ച് വിൽക്കുന്നതിനായി ഇപ്പോഴത്തെ നിലയിൽ നിബന്ധനകൾക്ക് അനുസൃതമായി ഔഷധിയുടെ കുട്ടനെല്ലൂരിലുള്ള ഓഫീസിൽ വച്ച് വാഹനം ക്വട്ടേഷൻ / ലേലം ക്ഷണിക്കുന്നു.

| | | |
|---|---|---|
| ക്വട്ടേഷൻ ഫോറത്തിന്റെ വില | - | Rs.1000 +18%GST |
| നിരതദ്രവ്യം | - | Rs.10000/- |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി | - | 22.10.2024 3.00 PM |

ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം 3.30 PM ന് തുറക്കുന്നതായിരിക്കും കൂടുതൽ വിവരങ്ങൾക്ക് ഔഷധി അഡ്മിനിസ്ട്രേഷൻ വിഭാഗവുമായി ബന്ധപ്പെടുകയോ, വെബ്സൈറ്റായ www.oushadhi.org സന്ദർശിക്കുകയോ ചെയ്യുക.

THE PHARMACEUTICAL CORPORATION (IM) KERALA LTD. Oushadhi

S/d

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

ടോംയാസ് അഡ്വർടൈസിങ്ങ് ഏജൻസി

മാതൃഭൂമി പത്രത്തിന്റെ തൃശ്ശൂർ എഡിഷനിൽ പ്രസിദ്ധീകരിക്കുന്നതിന്.

THE PHARMACEUTICAL CORPORATION (IM) KERALA LTD.
KUTTANELLUR, THRISSUR-14

## ക്വട്ടേഷൻ / ലേല നിബന്ധനകൾ

1. ക്വട്ടേഷനുകൾ മുദ്രവച്ച കവറിൽ 2024 ഒക്ടോബർ മാസം 22-ാം തിയ്യതി 3.00 പി.എം ന് മുമ്പായി ഓഫീസിൽ ലഭിക്കത്തക്കരീതിയിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ മുദ്രവച്ച് മാനേജിംഗ് ഡയറക്ടറുടെ വിലാസത്തിൽ നിരതദ്രവ്യം സഹിതം സമർപ്പിക്കേണ്ടതും കവറിനു മുകളിൽ KL08-AN-2683 LMV Goods Carriage പൊളിച്ച് വിൽക്കുന്നതിനായുള്ള ക്വട്ടേഷൻ എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. നിശ്ചിത സമയ പരിധിക്കകം ലഭിക്കാത്ത ക്വട്ടേഷന്കൾ സ്വീകരിക്കുന്നതല്ല.

2. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായ 10000 രൂപ ഔഷധി മാനേജിംഗ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം പണമായും ഓഫീസിൽ അടക്കാവുന്നതാണ്. പണമടച്ച രശീതി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 2024 ഒക്ടോബർ മാസം 22-ാം തിയ്യതി 2.30 പി.എം ന് മുമ്പായി നിരതദ്രവ്യമായ 10,000 രൂപ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം ഓഫീസിലെത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതും അന്നേ ദിവസം 3 പി.എം ന് നടക്കുന്ന ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. നിരതദ്രവ്യം പണമായും ഓഫീസിൽ അടക്കാവുന്നതാണ്.

4. പരസ്യമായ ലേലത്തിനുശേഷം ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് തുറക്കുന്നതും, ലേലപ്രകാരമാണോ ക്വട്ടേഷൻ പ്രകാരമാണോ കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്നത് എന്നതനുസരിച്ച് അന്തിമമായി ക്വട്ടേഷൻ /ലേലം ഉറപ്പിക്കുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്കായിരിക്കും.

5. ക്വട്ടേഷൻ / ലേലം എന്നിവയിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത മൂന്നുപേരുടെ നിരതദ്രവ്യം ക്വട്ടേഷൻ / ലേലം ഉറപ്പിച്ചതിനുശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

6. ക്വട്ടേഷൻ / ലേലം എന്നിവയിൽ കൂടുതൽ തുക നൽകാൻ തയ്യാറായ വ്യക്തി നിരതദ്രവ്യം കൂടാതെ വാഗ്ദാനം ചെയ്ത തുകയുടെ 25% അന്നേ ദിവസം തന്നെ അടയ്ക്കേണ്ടതാണ്. കൂടാതെ തിരിച്ചറിയൽ രേഖയുടെ പകർപ്പും ഹാജരാക്കേണ്ടതാണ്. ക്വട്ടേഷൻ / ലേലം ഉറപ്പിച്ചതായി അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം നികുതിയടക്കം മുഴുവൻ തുകയും ഓഫീസിൽ അടച്ച് വാഹനം ഫാക്ടറി കോമ്പൗണ്ടിൽ നിന്നും കൊണ്ടുപോകേണ്ടതാണ്.വാഹനത്തിന്റെ എൻജിൻ നമ്പർ, ചെയ്സ് നമ്പർ എന്നിവ വാഹനത്തിൽ നിന്നും നീക്കം ചെയ്ത് ഈ ഓഫീസിൽ രേഖാമൂലം ഏൽപിക്കേണ്ടതാണ്.

7. നിശ്ചിത സമയപരിധിക്കകം വാഹനം ഫാക്ടറി കോമ്പൗണ്ടിൽ നിന്നും കൊണ്ടുപോകാത്തപക്ഷം വാഹനം വിറ്റഴിക്കുന്നതിന് മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതും നിരതദ്രവ്യമടക്കം അടച്ച മുഴുവൻ തുകയും സ്ഥാപനത്തിലേക്ക് വരവുവയ്ക്കുന്നതും, കൂടുതൽ തുക വാഗ്ദാനം ചെയ്തയാളുടെ ഉത്തരവാദിത്വത്തിലും ചെലവിലും ടി വാഹനം വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

8. വാഹനം ഓഫീസ് പ്രവർത്തിസമയത്ത് മുൻകൂർ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

9. ക്വട്ടേഷനും / ലേലവും യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പരിപൂർണ്ണ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

THE PHARMACEUTICAL CORPORATION (IM) KERALA LTD. Oushadhi

S/d

മാനേജിംഗ് ഡയറക്ടർ